II ഇ.ബി. XV- കേരള നിയമസഭ/XIII-12

## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 മാർച്ച് 18, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

50(*331) <u>വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാത്രികോണം</u>

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ആഗോള നിക്ഷേപ ഭൂപടത്തിൽ ഉറപ്പിച്ചുനിർത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച വിഴിഞ്ഞം കോൺക്ലേവിൽ കേരളത്തിന്റെ വ്യാവസായിക രംഗത്ത് വിഴിഞ്ഞം തുറമുഖം നൽകുന്ന സാധ്യതകൾ നിക്ഷേപകരുടെ മുന്നിലെത്തിക്കാൻ സാധിച്ചിട്ടുണ്ടെന്നും തിരുവനന്തപുരം, കൊല്ലം ജില്ലകളുടെ വ്യാവസായിക പുരോഗതിക്ക് ഇത് വഴിയൊരുക്കുമെന്നാണ് കരുതുന്നതെന്നും സഭയെ

അറിയിച്ചു. ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ വിഴിഞ്ഞം തുറമുഖത്ത് മൂന്നുമാസത്തിനുള്ളിൽ നൂറിലേറേ കപ്പലുകളാണ് വന്നുപോയതെന്നും തുറമുഖത്തിന്റെ രണ്ടും മൂന്നും ഘട്ട വികസനം 2028-ൽ പൂർത്തിയാക്കുമെന്നും പാസഞ്ചർ കാർഗോ ഷിപ്മെന്റ് സൗകര്യങ്ങൾ കൂടി വരുന്നതോടെ വിഴിഞ്ഞം ഇന്റഗ്രേറ്റഡ് ലോജിസ്റ്റിക്സ് ഹബ്ബ് കേരളത്തിന്റെ വികസനത്തിന്റെയും പുരോഗതിയുടെയും പ്രവേശന കവാടമായി മാറുമെന്നും കണക്കാക്കപ്പെടുന്നു. തുറമുഖത്തിന്റെ ഭാഗമായി കേരളത്തിൽ ലോജിസ്റ്റിക്സ് ഉൾപ്പെടെയുള്ള വ്യവസായങ്ങൾക്ക് സാധ്യത ഉണ്ടാകുമെന്ന വിലയിരുത്തലിൽ പുതിയ ലോജിസ്റ്റിക്സ് പാർക്ക് നയം സർക്കാർ രൂപീകരിക്കുന്നുണ്ട്. വിഴിഞ്ഞം തുറമുഖത്ത് എത്തുന്ന കപ്പലുകളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് VISL, കേരള മാരിടൈം ബോർഡ് അധികൃതരുമായി പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. തുറമുഖത്ത് റെയിൽ കണക്ടിവിറ്റിക്കുവേണ്ടിയുള്ള ഡി.പി.ആർ.-ന് കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെ അംഗീകാരവും പാരിസ്ഥിതികാനുമതിയും ലഭിച്ചിട്ടുണ്ടെന്നും ഇതിനായി 5.52 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 1482 കോടി രൂപ ചെലവുപ്രതീക്ഷിക്കുന്നുണ്ടെന്നും നോൺ മേജർ തുറമുഖങ്ങളിൽ ഫീഡർ കണക്ഷൻ വർധിപ്പിക്കുന്നതിനും ഉൾനാടൻ

ജലഗതാഗതം സാധ്യമാക്കുന്നതിനുമായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും വിഴിഞ്ഞത്ത് അസാപ് സെന്റർ സ്ഥാപിച്ച് തദ്ദേശീയരായ യുവതീ-യുവാക്കൾക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും ഇതുവരെ 56% തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള പ്രാദേശിക ജനവിഭാഗങ്ങൾക്ക് വിഴിഞ്ഞം പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന വിധത്തിൽ ഫിഷിങ് ഹാർബർ, സീ ഫുഡ് പാർക്ക് എന്നിവ സ്ഥാപിക്കുന്നതാണ്. സാഗർമാല പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ തുറമുഖത്തിന്റെ വികസനം സാധ്യമാക്കുന്നതാണെന്നും വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ഇതിനകം 215 കപ്പലുകൾ വന്നുപോയിട്ടുണ്ടെന്നും 422846 TEU കൈകാര്യം ചെയ്യാൻ സാധിച്ചിട്ടുണ്ടെന്നും ഫെബ്രുവരി മാസത്തിൽ 40 കപ്പലുകളിലായി 72826-ൽപ്പരം TEU കൈകാര്യം ചെയ്ത് ഇൻഡ്യയിലെ ഒന്നാമത്തെ തുറമുഖമായി വിഴിഞ്ഞം മാറിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

51(*332) കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക പ്രതിസന്ധി

വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, മികച്ച ആസൂത്രണത്തിലൂടെ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തിയും മിതമായ നിരക്കിൽ വൈദ്യുതി ലഭ്യമാക്കിയും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൂടുതൽ അളവിലുള്ള കൈമാറ്റ കരാറുകളിൽ ഏർപ്പെട്ടും കെ.എസ്.ഇ.ബി.-യുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നതെന്ന് സഭയെ അറിയിച്ചു. പീക്ക് സമയത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് 500 MW ബാറ്ററി എനർജി സ്റ്റോറേജ് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ടെൻഡർ നടപടികളും 3150 MW ശേഷിയുള്ള പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളും പുരോഗമിച്ചുവരികയാണ്. വേനൽക്കാലത്ത് വൈദ്യുതി ഉപഭോഗം വൻതോതിൽ വർധിക്കുമെന്നതിനാൽ വൈദ്യുതി വാങ്ങലിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി കെ.എസ്.ഇ.ബി.എൽ.-ന്റെ മുൻ വർഷ നഷ്ടം സർക്കാർ ഏറ്റെടുത്തതു വഴി ലഭ്യമായ 494.29 കോടി രൂപ പ്രയോജനപ്പെടുത്തുന്നതാണ്. സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതി, വിവരസാങ്കേതിക രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ എന്നിവയ്ക്ക് അനുസൃതമായി വൈദ്യുതോൽപ്പാദനം 10GW-യിലേക്ക്

ഉയർത്തുന്നതിനാവശ്യമായ 50,000-ൽപ്പരം കോടി രൂപയുടെ മൂലധന നിക്ഷേപം കണ്ടെത്തുന്നതിന് മാർഗങ്ങൾ ആലോചിച്ചുവരികയാണ്. 25 MW-ന് താഴെയുള്ള ജലവൈദ്യുത പദ്ധതികൾ തുടരുന്നതോടൊപ്പം ആഭ്യന്തര ഉൽപാദനം വർധിപ്പിക്കാനും സർക്കാർ ലക്ഷ്യമിടുന്നു. കേന്ദ്രസർക്കാരിന്റെ മാർഗനിർദേശങ്ങളിൽനിന്നും വ്യതിചലിച്ചതിനാലാണ് സ്വകാര്യ വൈദ്യുതി ഉൽപാദകരുമായുള്ള ദീർഘകാല കരാർ റദ്ദാക്കിയിട്ടുള്ളതെന്നും മലപ്പുറം, കാസർഗോഡ്, ഇടുക്കി ജില്ലകളിൽ വൈദ്യുതി-പ്രസരണ-വിതരണ മേഖലയിൽ സമഗ്രമായ വികസനം ലക്ഷ്യമിട്ട് 1026 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടെന്നും ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണെന്നും പറമ്പിക്കുളം ആദിവാസി സങ്കേതങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതാണെന്നും കറണ്ട് കട്ടും ലോഡ്ഷെഡിങ്ങും ഇല്ലാതെ മുന്നോട്ടുപോകാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

52(*333) സംസ്ഥാന ധനകാര്യ മാനേജ്മെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര നികുതി വിഹിതത്തിലുണ്ടായ കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടനയിൽ വരുത്തിയ ഭേദഗതി, കടമെടുപ്പ് പരിധിയിൽ വരുത്തിയ വെട്ടിക്കുറവ് എന്നിവ സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിട്ടുണ്ടെന്നും നികുതി പിരിവ് ഊർജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ച് മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ഇതിന്റെ ഭാഗമായി 2021-22 മുതൽ 2024-25 വരെ സംസ്ഥാനത്തെ നികുതി വരുമാനത്തിൽ ഗണ്യമായ വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സർക്കാർ സ്വീകരിച്ച നടപടികളിലൂടെ നീതി ആയോഗിന്റെ Fiscal Health Index 2025 പ്രകാരം റവന്യൂ സമാഹരണത്തിൽ സംസ്ഥാനത്തിന് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ സാധിച്ചിട്ടുണ്ട്. വരുമാനം ഉയർത്തുന്നതിനോടൊപ്പം സർക്കാർ ചെലവുകളുടെ

കാര്യക്ഷമത, ഗുണപരത, ഉത്പാദനക്ഷമത എന്നിവ ഉയർത്തുകയും ധനദൃഢീകരണം സാധ്യമാക്കുന്നതിനായി ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി നിർദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യ വിഭവ ശേഷി വർധിപ്പിച്ചും പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും വികസനത്തിന്റെ ഗുണഫലങ്ങൾ താഴെത്തട്ടിലെത്തിച്ചും ഒരു നവകേരളം കെട്ടിപ്പടുക്കാനാണ് സംസ്ഥാനം ശ്രമിക്കുന്നത്. സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുകയും വിദ്യാർഥികൾക്ക് പഠനം, തൊഴിൽ എന്നിവയ്ക്ക് അനുയോജ്യമായ നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. സർക്കാരിന്റെ വിവിധ വികസനക്ഷേമ പ്രവർത്തനങ്ങളുടെ ഫലമായി 5 വർഷത്തിനുള്ളിൽ 50,000 കോടിയോളം രൂപ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ വിതരണം ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അർഹമായ കേന്ദ്ര വിഹിതം, കടമെടുപ്പ് പരിധി എന്നിവ സംബന്ധിച്ച് സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കേസിന്റെ നടപടിക്രമങ്ങൾ നടന്നുവരികയാണെന്നും സംസ്ഥാനത്തിന്റെ മനുഷ്യവിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതോടൊപ്പം സാമൂഹ്യക്ഷേമ- വികസന

പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിവരുന്നതായും 1,78,000 കോടി രൂപ ഈ വർഷം പദ്ധതി-പദ്ധതിയേതര ഇനത്തിൽ ചെലവഴിക്കാൻ സാധിക്കുമെന്നും അടുത്ത സാമ്പത്തിക വർഷം 2,01,000 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നതെന്നും ജി.എസ്.ടി. വകുപ്പിൽ 37 വാഹനങ്ങൾ വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ടെന്നും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് കണ്ണൂരിൽ ജി.എസ്.ടി. ഭവൻ യാഥാർഥ്യമാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

53(*334) റവന്യൂ കമ്മിയിലെ വർധനവ്

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിപ്പിച്ചും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും റിസോഴ്സ് ഗ്യാപ് കുറച്ച് ധനകമ്മി, കടം എന്നിവ മൊത്തം ആഭ്യന്തരോൽപാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി 2023-24-ൽ റവന്യൂകമ്മി 1.58 ശതമാനമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്നും 2024-25-ൽ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിനെക്കാൾ നേട്ടം കൈവരിക്കാനാകുമെന്നും സഭയെ അറിയിച്ചു. വിവിധ വകുപ്പുകളിലെ നികുതി-നികുതിയേതര ഇനങ്ങളുടെ നിരക്കുകൾ കാലികമായി പരിഷ്കരിച്ചും പുതിയ

ഇനങ്ങൾ കണ്ടെത്തിയും തനത് വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടി തുടർന്നുവരികയാണ്. രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ വകുപ്പുകളിലെ നികുതി പരിഷ്കരണ നടപടികൾ ശക്തിപ്പെടുത്തിയും സ്വന്തമായി വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഉപഭോക്താക്കൾ/ലൈസൻസികൾ എന്നിവർക്ക് ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീ എന്നിവ വർധിപ്പിച്ചും 2024-25 സാമ്പത്തിക വർഷം ഏകദേശം 1000 കോടി രൂപയും സ്ക്രാപ്പിങ് നയം നടപ്പാക്കുന്നതിലൂടെ 200 കോടി രൂപയും സമാഹരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മോട്ടോർ വാഹന വകുപ്പിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, ജി.എസ്.റ്റി വകുപ്പിലെ 'ആംനസ്റ്റി 2024' പദ്ധതി എന്നിവയിലൂടെ അധികതുക സമാഹരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. നോൺ ടാക്സ് റവന്യൂ ഇനങ്ങൾ, ഫീസിനങ്ങൾ തുടങ്ങിയവ കാലാനുസൃതമായി വർധിപ്പിക്കുന്നതിന് അതത് ഭരണ വകുപ്പുകളെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കോടതി ഫീസുകളുടെ പരിഷ്കരണം, കോൺട്രാക്ട് ക്യാരിയേജുകളുടെ നികുതി നിരക്കുകളുടെ ഏകീകരണം, ഇലക്ട്രിക് വാഹനങ്ങളുടെ നികുതി പരിഷ്കരണം, 15 വർഷം കഴിഞ്ഞ സ്വകാര്യ

വാഹനങ്ങളുടെ നികുതി പരിഷ്കരണം, രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട വിവിധ ഫീസുകളുടെ പരിഷ്കരണം, ഭൂനികുതി പരിഷ്കരണം എന്നിവയിലൂടെ 366 കോടി രൂപയുടെ അധിക വരുമാനം ലക്ഷ്യമിട്ടിട്ടുള്ളതിനുപുറമേ, ജി.എസ്.റ്റി കുടിശ്ശിക തീർപ്പാക്കലിന് ജനറൽ ആംനസ്റ്റി 2025, ബാർ ഹോട്ടലുകളുടെ ജി.എസ്.റ്റി കുടിശ്ശിക തീർപ്പാക്കാനുള്ള ആംനസ്റ്റി പദ്ധതി, ഫ്ളഡ് സെസ്സ് ആംനസ്റ്റി 2025, ഡിസ്റ്റിലറി അരിയർ സെറ്റിൽമെന്റ് സ്കീം 2025, കുടിശ്ശികയുള്ള പാട്ടവാടക ഈടാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവയിലൂടെയും വരുമാനം ലക്ഷ്യമിടുന്നു. വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് കുടിശ്ശിക ഈടാക്കുന്നതിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കുന്ന നടപടികൾ കാര്യക്ഷമമാക്കുന്നതിനും നിർദേശം നല്കിയിട്ടുണ്ട്. റവന്യൂ വരുമാനം/കുടിശ്ശിക എന്നിവ പിരിച്ചെടുക്കുന്നത് സംബന്ധിച്ച് പ്രധാന വകുപ്പുകളുടെ അവലോകന യോഗം വിലയിരുത്തൽ നടത്തുകയും ദൈനംദിന ധനകാര്യ മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന് അർഹതപ്പെട്ട കടമെടുപ്പ്, കേന്ദ്ര നികുതി വിഹിതം എന്നിവയിലൂടെ വിഭവസമാഹരണം നടത്തുന്നതിനും

സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ വർധനവ് വരുത്തി അടിസ്ഥാന സൗകര്യവികസനം ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. വികസന ചെലവുകൾക്ക് തടസ്സംവരാതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നതെന്നും വകുപ്പുകളിലെ ഓഡിറ്റ് വളരെ കൃത്യമായി നടത്തുന്നുണ്ടെന്ന് ഇൻസ്പെക്ഷൻ വിങ് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ടെന്നും ഇതര സംസ്ഥാനങ്ങളിൽനിന്നും പെട്രോൾ കൊണ്ടുവരുന്നതുമൂലമുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് കർശന നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

54(*335) <u>കേരള ബാങ്കിന്റെ നൂതന പദ്ധതികൾ</u>

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, കേരള ബാങ്ക് കോർ ബാങ്ക് സംയോജനം പൂർത്തിയാക്കി വിവിധ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കിവരുന്നുണ്ടെന്നും ഇന്റർനെറ്റ് ബാങ്കിങ്, NRE/NRO അക്കൗണ്ട് എന്നിവയ്ക്ക് റിസർവ് ബാങ്കിൽനിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും സഭയെ അറിയിച്ചു. ഡിജിറ്റൽ സേവനങ്ങൾ

പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലെ ഇടപാടുകാർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ ഓഡിറ്റ്, ഇൻസ്പെക്ഷൻ വിഭാഗങ്ങൾ ശക്തിപ്പെടുത്തുകയും വിവിധ റഗുലേറ്ററി ഏജൻസികളുടെ മാർഗനിർദേശങ്ങൾ പാലിക്കുന്നത് ഉറപ്പുവരുത്തി PACS ഇൻസ്പെക്ഷൻ സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്തതിലൂടെ 2023-24-ൽ ബാങ്കിന്റെ ഗ്രേഡ്, 'B'-യിലേക്ക് ഉയർത്താൻ സാധിച്ചിട്ടുണ്ട്. ചെറുകിട നാമമാത്ര കർഷകരുടെ ശാക്തീകരണം ലക്ഷ്യമിട്ട് ആദ്യഘട്ടത്തിൽ 100 കർഷകോൽപാദന സംഘങ്ങൾ രൂപീകരിക്കുന്നതിന് സംസ്ഥാനത്തുടനീളം കർഷക യോഗങ്ങൾ സംഘടിപ്പിച്ച് പരിശീലനം നൽകിവരുന്നുണ്ട്. കേരള ബാങ്കിന്റെ ഗ്രേഡ് ഉയർന്നതിലൂടെ വ്യക്തിഗത വായ്പാപരിധി 40 ലക്ഷം രൂപയായി ഉയർത്താൻ സാധിച്ചിട്ടുണ്ടെന്നും വയനാട് ദുരന്തത്തിനിരയായ 207 സംഘാംഗങ്ങളുടെ വായ്പാതുകയായ 385.87 ലക്ഷം രൂപ എഴുതിത്തള്ളുകയുണ്ടായെന്നും കുടുംബശ്രീ അംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപ വരെ വ്യക്തിഗത വായ്പയായി നൽകിവരുന്നുണ്ടെന്നും ദുർബലാവസ്ഥയിലുള്ള പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾക്കായി പ്രത്യേക പുനരുദ്ധാരണ പദ്ധതി നടപ്പാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക്

മറുപടിയായി മന്ത്രി അറിയിച്ചു.

(ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ *336, *337 എന്നീ ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടില്ല)

55(*338) പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനം

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്വയംഭരണാവകാശം നൽകുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും പദ്ധതി നിർവഹണം, ധനകാര്യ മാനേജ്മെന്റ്, മാനവ വിഭവശേഷി മാനേജ്മെന്റ്, പൊതുഭരണം, വാണിജ്യം, ആസ്തി മാനേജ്മെന്റ്, സാങ്കേതിക പങ്കാളിത്തം, അസംസ്കൃത വസ്തുക്കളുടെ സംഭരണം എന്നീ മേഖലകളിലെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ടി കമ്മിറ്റി സമർപ്പിച്ചിട്ടുള്ള ശിപാർശകളിൽ പ്രധാനപ്പെട്ട 14 എണ്ണം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും മറ്റുള്ളവ പരിശോധിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ അധിക ഭൂമി വ്യാവസായികാവശ്യത്തിന് വിനിയോഗിക്കുന്നതിന്റെ ആദ്യഘട്ടമായി 40.41 ഏക്കർ സ്ഥലം കണ്ടെത്തി

പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ അധിക ഭൂമി പ്രയോജനപ്പെടുത്തി ഫ്യൂവൽ/സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷനുകൾ, സ്റ്റോറേജ് സംവിധാനം, സംയുക്ത സംരംഭങ്ങൾ, ലോജിസ്റ്റിക്സ് പാർക്ക്, സോളാർ പവർ പ്ലാന്റുകൾ, ഡാറ്റാ സെന്റർ മുതലായവ സ്ഥാപിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും മത്സരക്ഷമമാക്കുന്നതിനും ലാഭകരമാക്കുന്നതിനുമുള്ള ശ്രമങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.